**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1592** **19-09-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ ട്രൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ പട്ടയം അനുവദിച്ച് നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഏഴായിരത്തോളം അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ? | (എ) | കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ, എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട്; എന്നീ മൂന്ന് വില്ലേജുകളിൽ 9 സർവ്വെ നമ്പരുകളിലായി റീസർവ്വെ റിക്കാർഡുകളിൽ (ബി.റ്റിആർ) ഭൂമിയുടെ തരം രേഖപ്പെടുത്തുന്ന ഭാഗത്ത് പുറമ്പോക്ക്, പുരയിടം എന്നും ആയതിന്റെ റിമാർക്സ് കോളത്തിൽ ഹിൽമെൻ സെറ്റിൽമെന്റ് എന്നും രേഖപ്പെടുത്തിയിട്ടുള്ള മേൽപടി മൂന്ന് വില്ലേജുകളിലായി 1450 ഹെക്ടർ ഭൂമികളിലായി 8000 ൽ അധികം കുടുംബങ്ങൾ താമസിച്ച് വരുന്നു. 15/03/2024-ലെ സ.ഉ(കൈ) 67/2024/റവ പ്രകാരം കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ എരുമേലി വടക്ക്, എരുമേലി തെക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലെ 1450 ഹെക്ടർ പ്രദേശത്തെ പതിനായിരത്തോളം പട്ടയ അപേക്ഷകൾ പരിശോധിച്ച് പട്ടയം നല്കുന്നതിനായി 17 തസ്തികകൾ ഒരു വർഷത്തേക്ക് താത്കാലികമായി സൃഷ്ടിച്ച് ഒരു സ്പെഷ്യൽ ഓഫീസ് അനുവദിക്കുകയും 3000 ൽ അധികം ഫീൽഡുകൾ പരിശോധിച്ച് സർവ്വേയർമാർ സ്കെച്ചുകൾ തയ്യാറാക്കിയിട്ടുള്ളതും സ്കെച്ച് തയ്യാറാക്കി ലഭിച്ചിട്ടുള്ള കൈവശ ഭൂമികളുടെ മഹസ്സർ, ചെക്ക് ലിസ്റ്റ് എന്നിവ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതുമാണ്.<br><br>സ.ഉ(സാധാ) നം.2020/2020/റവ 04/11/2023 തീയതിയിലെ സ.ഉ(സാധാ)നം.3966/2023/റവ എന്നീ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന്റെ ജണ്ടയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും സെറ്റിൽമെന്റ് രജിസ്റ്റർ, റീസർവ്വേയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന BTR എന്നിവ പ്രകാരം പുറമ്പോക്ക്/പുരയിടം എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പുതിയ റവന്യൂ രേഖകളിൽ പട്ടാദാരന്റെ പേര് "സർക്കാർ" എന്നും വസ്തുവിന്റെ വിവരണം/റിമാർക്സ് എന്നീ കോളങ്ങളിൽ "റിസർവ്വ് വനം'" എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും |

അത്തരം ഭൂമികൾ റിസർവ്വ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം രേഖപ്പെടുത്തലുകൾ കണക്കിലെടുക്കാതെ തന്നെ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പതിവിനുള്ള യോഗ്യത/വിനിയോഗം/ കൈവശങ്ങളുടെ പഴക്കം, സ്വഭാവം എന്നിവ പരിഗണിച്ച് യോഗ്യമായ കൈവശങ്ങളുടെ അടിസ്ഥാനത്തിൽ സർവേ സബ് ഡിവിഷൻ ചെയ്ത് ടി ഭൂമിയുടെ തൽസ്ഥിതി പ്രകാരം റിക്കോർഡുകൾ തയ്യാറാക്കി പതിവ് നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ഉത്തരവായിട്ടുള്ളതാണ് . എന്നാൽ ടി ഭൂമികൾ റിസർവ്വ് വനമായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഏതെങ്കിലും വിജ്ഞാപനം ഉണ്ടോ എന്ന് ഉറപ്പ് വരുത്തിയതിനു ശേഷമേ പട്ടയ നടപടികൾ ആരംഭിക്കാവൂ എന്ന് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 24/02/2025 തീയതിയിലെ A5-4696/2020 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുള്ളതായി കോട്ടയം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

03/02/2025 തീയതിയിലെ സ.ഉ(കൈ) നം. 30/2025/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സെറ്റിൽമെന്റ് പ്രദേശങ്ങൾ പ്രത്യേക റവന്യൂ വില്ലേജുകളായി രൂപീകരിക്കുന്നതിന് ജില്ലാ കളക്ടറെ അധികാരപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. 2006 ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും, മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമത്തിലെ വകുപ്പ് 4(4) പ്രകാരം വനാവകാശ രേഖ അനുവദിച്ച് നൽകിയിട്ടുള്ള ഭൂമി അന്യാധീനപ്പെടുത്താൻ പാടില്ലാത്തതും, എന്നാൽ പിന്തുടർച്ചാവകാശമുള്ളതുമായിരിക്കും (Heritable but not alienable) എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. മുണ്ടക്കയം ഭൂമി പതിവ് കാര്യാലയത്തിൽ ലഭിച്ച പട്ടയ അപേക്ഷകളിൽ സ്ഥലപരിശോധന നടത്തിയതിൽ അപേക്ഷകർ ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ടി പ്രദേശത്തെ കൈവശക്കാർ വനാവകാശ രേഖ ലഭ്യമായവരോ, മുൻപ് വനാവകാശ രേഖ ലഭിച്ചവരിൽ നിന്നും ഭൂമി കൈമാറി ലഭിച്ചവരോ ആണെന്ന് മുണ്ടക്കയം ഭൂമി പതിവ് കാര്യാലയം സ്പെഷ്യൽ തഹസിൽദാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം വനാവകാശ രേഖ ലഭിച്ചവർക്കോ അവരിൽ നിന്ന് കൈമാറ്റം വഴി ഭൂമി ലഭിച്ചവർക്കോ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം അനുവദിക്കുന്നത് 2006 ലെ വനാവകാശ നിയമത്തിന്റെ ലംഘനമാകുമോ എന്ന സംശയം

| | | | |
|---|---|---|---|
| | | | നിലനിൽക്കുന്നതിനാൽ ലാന്റ് റവന്യൂ കമ്മീഷണർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളതും ടി വിഷയം എം3/81/2025/റവ നമ്പർ ഫയലിൽ പരിശോധനയിലുമാണ്. |

സെക്ഷൻ ഓഫീസർ